**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4184** **18-07-2022 - ൽ മറുപടിയ്ക്ക്**

**വിദ്യാശ്രീ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം ചെയ്യുന്ന' വിദ്യാശ്രീ 'പദ്ധതി പരാജയപ്പെട്ടതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതി പരാജയപ്പെടാനുള്ള കാരണം വ്യക്തമാക്കുമോ; | (എ) | വിദ്യാശ്രീ പദ്ധതി പരാജയപ്പെട്ടതായി പറയാൻ കഴിയില്ല. കോവിഡ് സാഹചര്യങ്ങൾ മാറുന്നതിനനുസരിച്ച് അതിനനുസരിച്ചുള്ള മാറ്റങ്ങൾ പദ്ധതിയിൽ കൊണ്ടുവരികയാണ് ചെയ്തിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം അപേക്ഷിച്ച വിദ്യാർത്ഥികൾക്ക് സമയബന്ധിതമായി ഗുണമേന്മയുള്ള ലാപ്ടോപ് ലഭ്യമാക്കുവാൻ സാധിക്കാത്തതിന്റെ കാരണം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | HP, ACER, LENOVO, COCONICS എന്നീ കമ്പനികൾ കോവിഡ് സാഹചര്യങ്ങൾ മൂലം കരാർ പ്രകാരം പറഞ്ഞ സമയത്തിനുള്ളിൽ ലാപ്ടോപ്പുകൾ നൽകാൻ സാധ്യമല്ല എന്നറിയിക്കുക യുണ്ടായി. അതുമൂലമാണ് ലാപ്ടോപ്പ് വിതരണത്തിൽ കാലതാമസം നേരിട്ടത്. അവർക്കെതിരെ പെനാൽറ്റി ഈടാക്കു- ന്നതുസംബന്ധമായ നോട്ടീസ് നൽകുകയും ഗുണമേന്മ കുറഞ്ഞ ലാപ്ടോപ്പുകൾ കമ്പനികൾക്ക് തിരിച്ചു നൽകുകയുമുണ്ടായി. |
| (സി) | പദ്ധതി പരാജയപ്പെട്ടത് മൂലം എത്ര രൂപയുടെ നഷ്ടമുണ്ടായി എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ആയത് എപ്രകാരമാണ് വീണ്ടെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | പദ്ധതി പരാജയപ്പെട്ടു എന്ന് പറയാ നാവില്ല. ഇതുമൂലം കെ.എസ്.എഫ്.ഇ യ്ക്ക് നഷ്ടം ഉണ്ടായിട്ടില്ല. |
| (ഡി) | പ്രസ്തുത പദ്ധതി പ്രകാരം കഴിഞ്ഞ അദ്ധ്യയന വർഷം ലാപ്ടോപുകൾക്ക് അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്ക് ആയത് ലഭ്യമാക്കിയിരുന്നോ; ഇല്ലെങ്കിൽ ഇതിനായി എന്തെങ്കിലും ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | 8575 ലാപ്ടോപ്പുകളാണ് വിദ്യാർത്ഥികൾ ക്കായി വിദ്യാശ്രീ പദ്ധതി പ്രകാരം കെ.എസ്.എഫ്.ഇ വിതരണം ചെയ്തത്. കൂടാതെ ലാപ്ടോപ്പ് ലഭ്യമാക്കുവാൻ കാലതാമസം വന്നപ്പോൾ പൊതുവിപണിയിൽ നിന്നും ലഭ്യമായ ലാപ്ടോപ്പ്/ ടാബ് വാങ്ങുന്നതിന് ഉപഭോക്താക്കൾക്ക് 20000/- രൂപ വരെ വായ്പയും നൽകുകയുണ്ടായി. |

സെക്ഷൻ ഓഫീസർ